പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 393 04/06/2018- ൽ മറുപടിയ്ക്ക്

# കെയർടേക്കർമാരുടെ അമിത ജോലിഭാരം

| ചോദ്യം<br>ഡോ. എൻ. ജയരാജ് | ഉത്തരം<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|
| (എ) സാമൂഹ്യനീതി വകുപ്പിൽ നിന്നും വനിതാ ശിശു വികസന വകുപ്പിലേയ്ക്ക് മാറ്റം ചെയ്യപ്പെട്ടതും & ഒബ്സർവേഷൻ ഹോമുകളിലും ചിൽഡ്രൻസ് ഹോമുകളിലും ജോലി ചെയ്യുന്നതുമായ കെയർടേക്കർമാർ നിലവിൽ പകൽ മുതൽ രാത്രി വരെ തുടർച്ചയായി 16 മണിക്കൂർ ജോലി ചെയ്യുന്നത് നിലവിലെ ലേബർ ആക്ടിന് വിരുദ്ധമാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) ആയതിന്മേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | (എ) കെയർടേക്കർമാർ തമ്മിലുള്ള ജോലി ക്രമീകരണത്തിന്റെ ഭാഗമായി കൂടുതൽ സമയം ജോലി ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് അതാവ- (ബി) സാനിപ്പിക്കാൻ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഒരു സ്ഥാപനത്തിൽ 4 കെയർടേക്കർമാരുടെ സേവനം ഉറപ്പാക്കുന്നതിനുള്ള ചുമതല അതാത് സ്ഥാപന സൂപ്രണ്ട്മാർക്ക് നൽകികൊണ്ട് 05/10/2013-ൽ PDMC4/31615/13-ാം നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ പല സ്ഥാപനങ്ങളിലെയും കെയർ ടേക്കർ തസ്തികയിലെ ജീവനക്കാർ അവരുടെ സൗകര്യാർത്ഥം ആഴ്ചയിൽ മൂന്ന് ദിവസം തുടർച്ചയായി ജോലി നോക്കിയശേഷം അടുത്ത മൂന്ന് ദിവസം അനൗദ്യോഗികമായി ഡ്യൂട്ടി ഓഫ്. എടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് കെയർ-ടേക്കർമാർക്ക് 24 മണിക്കൂർ തുടർച്ചയായി ഡ്യൂട്ടി നൽകുന്ന പ്രവണത ഒഴിവാക്കുന്നതിനും നിർദ്ദേശം നൽകി-യിരുന്നു. |

അതനുസരിച്ച് സ്ഥാപനത്തിന്റെ പ്രവർത്തനത്തിന് തടസ്സം വരാത്ത രീതിയിൽ സ്ഥാപന സൂപ്രണ്ടുമാർ അതാത് മാസങ്ങളിലെ ഡ്യൂട്ടി മുൻകൂട്ടി ക്രമീകരിച്ച് നൽകുന്നതിനും കെയർടേക്കർമാർ ഡ്യൂട്ടി ഓഫ് എടുക്കുന്നതിന് സ്ഥാപന സൂപ്രണ്ടിന്റെ അനുമതി ലഭ്യമാക്കേണ്ടതാണെന്നും 07/12/16-ലെ E5/31574/16(2) നമ്പർ സർക്കുലർ പ്രകാരം എല്ലാ സ്ഥാപനമേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

ഇത്തരത്തിൽ കെയർടേക്കർമാരുടെ അമിതജോലിഭാരം ക്രമീകരിക്കുന്നതിനും ഒപ്പം കുട്ടികളുടെ സംരക്ഷണവും സുരക്ഷയും ഉറപ്പാക്കുന്നതിനാവശ്യമായ നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ